# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 69 09.03.2015-ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിൽ HSA ഗണിതശാസ്ത്രം തസ്തികയിലെ പരീക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിൽ HSA ഗണിതശാസ്ത്രം തസ്തികയുടെ കാറ്റഗറി നമ്പർ (661/12) പരീക്ഷ നാളിതുവരെ നടത്താത്തത് ചോദ്യപേപ്പർ ലഭ്യമാകാത്തതു മൂലമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പരീക്ഷാ തീയതി നിശ്ചയിച്ചിട്ടില്ലാത്തതിനാലാണ് ടി പരീക്ഷ നാളിതുവരെ നടത്താത്തത്. |
| (ബി) പ്രസ്തുത തസ്തികയിലേക്കുള്ള പരീക്ഷ നടത്തുന്നതിന് ആവശ്യമായ ചോദ്യപേപ്പർ ലഭിച്ചിട്ടുണ്ടോ; | (ബി) പരീക്ഷാ തീയതി നിശ്ചയിക്കുന്നതിനനുബന്ധമായി ചോദ്യപേപ്പറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നുണ്ട്, |
| (സി) പരീക്ഷ എന്നത്തേക്ക് നടത്താൻ സാധിക്കും എന്നു വ്യക്തമാക്കുമോ; ഇല്ലെങ്കിൽ തീയതി നിശ്ചയിക്കാൻ സാധിക്കാത്തതിന്റെ ഭരണ-സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) പരീക്ഷാതീയതി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിക്കുന്ന മുറയ്ക്ക്, പരീക്ഷ നടത്തുന്നതായിരിക്കും. ആയതിന് ഭരണ-സാങ്കേതിക തടസ്സങ്ങൾ ഒന്നുംതന്നെ നിലവിലില്ലായെന്നും അറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ